# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1985 15.07.2016-ൽ മറുപടിക്ക്**

**കാസർഗോഡ് ജില്ലയിലെ കുടിവെള്ളക്ഷാമം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എൻ .എ.നെല്ലിക്കുന്ന് : | | മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| എ | ജലവിതരണം തടസ്സപ്പെട്ടാൽ ഉപഭോക്താക്കൾക്ക പരാതിപ്പെടാൻ എന്തെല്ലാം സംവിധാനങ്ങളാണ് വാട്ടർ അതോറിറ്റി ഓഫീസുകളിൽ ഒരുക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഈ സംവിധാനങ്ങൾ ഉപഭോക്താക്കൾ ഉപയോഗപ്പെടുത്തുന്നുണ്ടോ; | എ | എല്ലാ അസിസ്റ്റന്റ് എഞ്ചിനീയറുടേയും ഓഫീസിൽ പരാതി രേഖപ്പെടുത്തുവാൻ പുസ്തകം ലഭ്യമാണ്. പരാതികൾ അസിസ്റ്റന്റ് എഞ്ചിനീയറെ ഫോണിൽ അറിയിക്കുവാനുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ കഴിഞ്ഞ വരൾച്ചാ സമയത്ത് പരാതികൾ രേഖപ്പെടുത്തുവാൻ പ്രത്യേക ഫോൺ നമ്പറോട് കൂടിയുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം സംവിധാനം എല്ലാ ജില്ലാ കേന്ദ്രങ്ങളിലും നടപ്പിലാക്കിയിട്ടുണ്ട്. ഇതിന് പുറമെ വാട്ടർ അതോറിറ്റിയുടെ ടോൾ ഫ്രീ നമ്പർ മുഖേനയും പരാതികൾ സ്വീകരിച്ച് വരുന്നു. ഈ വിവരം വരൾച്ചാ സമയത്ത് മാധ്യമങ്ങൾ മുഖേന പരസ്യപ്പെടുത്തിയിട്ടുമുണ്ട്. ഈ സംവിധാനങ്ങൾ ഉപഭോക്താക്കൾ ഉപയോഗപ്പെടുത്തുന്നുണ്ട്. |
| ബി | കാസർഗോഡ് നഗരത്തിലും പ്രാന്തപ്രദേശങ്ങളിലും കുടിവെള്ളം ലഭിക്കുന്നില്ല എന്നതു സംബന്ധിച്ച പരാതികൾ വാട്ടർ അതോറിറ്റിയുടെ ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ അത്തരത്തിലുള്ള എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; പരാതികളിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | ബി | കാസർഗോഡ് നഗരത്തിലും പ്രാന്തപ്രദേശങ്ങളിലും നിന്നും ലഭിക്കുന്ന പരാതികൾ അതാത് ഓഫീസുകളിലെ പരാതി പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അത്തരത്തിലുള്ള 150 പരാതികൾ ലഭിച്ചതിൽ 130 പരാതികൾ പരിഹരിച്ചിട്ടുണ്ട്. പരാതികളിൽ വിതരണ കുഴലിലെ ചോർച്ചയുമായി ബന്ധപ്പെട്ട പരാതികൾ സമയ ബന്ധിതമായി പരിഹരിച്ചു വരുന്നു. പദ്ധതികളുടെ ഉയർന്ന പ്രദേശങ്ങളിലും മറ്റും കുടിവെള്ളം ലഭിക്കുന്നില്ല എന്നുള്ള പരാതികൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | | |
|---|---|---|
| സി | കാസർഗോഡ് ജില്ലയിൽ ആഴ്ചകളോളം ശുദ്ധജലം കിട്ടാത്തത് എന്തു കൊണ്ടാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഇതുവരെ ഒരു നടപടിയും സ്വീകരിക്കാത്തതെന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ? | കാസർഗോഡ് ശുദ്ധജല വിതരണ പദ്ധതിയിൽ നേരിടുന്ന പ്രയാസങ്ങളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. ഈ പദ്ധതി 1976-ലാണ് പൂർത്തീകരിച്ചത്. വരൾച്ചാ കാലത്ത് സ്രോതസിൽ ആവശ്യമായ ജലം ലഭിക്കാത്തതിനാലും ഉപ്പു വെള്ളം കയറുന്നത് മൂലവും കുടിവെള്ള വിതരണം തടസ്സപ്പെട്ടിട്ടുണ്ട്. ജല ശുദ്ധീകരണശാല, പൈപ്പ് ലൈനുകൾ, മറ്റു അനുബന്ധ ഭാഗങ്ങൾ എന്നിവയുടെ കാലപ്പഴക്കം മൂലവും ഉപഭോക്താക്കൾക്ക് ആവശ്യത്തിന് കുടിവെള്ളം നൽകുവാൻ പലപ്പോഴും ബുദ്ധിമുട്ട് അനുഭവപ്പെടാറുണ്ട്. കൂടാതെ നിരന്തരമായി വൈദ്യുതി തടസ്സം ഉണ്ടാകുന്നത് മൂലം പമ്പിംഗ് പതിവായി മുടങ്ങുന്നതിനാലും ജലവിതരണം സുഗമമായി നടത്തുവാൻ സാധിക്കുന്നില്ല. വരൾച്ചാ കാലത്ത് ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കി വരുന്ന റഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം പൂർത്തിയായാൽ മാത്രമേ സ്രോതസിൽ ഉപ്പ് വെള്ളം കയറുന്നത് തടഞ്ഞ് ആവശ്യമായ ജലലഭ്യത ഉറപ്പാക്കാൻ കഴിയുകയുള്ളൂ. കാലപ്പഴക്കത്തിനാൽ തകരാറിലായ മെയിൻ പൈപ്പ് ലൈനുകൾ വിവിധ ഘട്ടങ്ങളിലായി മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനായി ഭൂഗർഭ കേബിളുകൾ സ്ഥാപിക്കേണ്ടതുണ്ട്. കാസർഗോഡ് മുൻസിപ്പാലിറ്റി പ്രദേശത്തും സമീപ പഞ്ചായത്തുകൾക്കും വേണ്ടി ഒരു പുതിയ സമഗ്ര കുടിവെള്ള പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് വാട്ടർ അതോറിറ്റിയുടെ പ്രോജക്ട് പ്ലാനിംഗ് ആന്റ് ഡിസൈൻ വിഭാഗം തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ